

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**13 SEPTEMBER 2019**
**13 MUHARRAM 1441 AH**

# AL-HUJURAT : GHIBBAT (PART 1)

## അൽഹുജ്റാത് (ഭാഗം 1)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അൽഹുജ്റാത് (ഭാഗം 1)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

*വിശ്വസിച്ചവരെ, ഊഹങ്ങളിൽ അധികവും നിങ്ങളൊഴിവാക്കുവിൻ, (കാരണം) ചില ഊഹങ്ങൾ കുറ്റകരമാണ്. നിങ്ങൾ (അന്യരുടെ സ്ഥിതികൾ) ചുഴിഞ്ഞു നോക്കരുത്. നിങ്ങളിൽ ചിലർ മറ്റു ചിലരെ അവരുടെ അഭാവത്തിൽ ദുഷിക്കുകയുമരുത്. നിങ്ങളിലാരെങ്കിലും തന്റെ മരിച്ചു കിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കാനിഷ്ടപ്പെടുമോ? അത് നിങ്ങൾ വെറുക്കുന്നുവല്ലോ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു സർവ്വഥാ കാരുണ്യത്തോടെ മടങ്ങുന്നവനും കരുണാമയനുമാകുന്നു (49:13)*

സൂറ: ഹുജ്റാത്തും, ഗീയ്ബത്തും (പരദൂഷണം) ഈ വിഷയത്തെക്കുറിച്ച് മുൻപ് ഞാൻ അനേകം പ്രസംഗങ്ങൾ ചെയ്തിട്ടുള്ളതാണ്. എന്നിരുന്നാലും ഇന്നും ഞാൻ ഇതേ വിഷയത്തെ അധികരിച്ച് ഞാൻ വീണ്ടും നിങ്ങളോട് സംസാരിക്കുകയാണ്.

ഞാനിന്ന് നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നത് മറ്റൊരു വിശദീകരണമാണ് ഈ സൂറ: വളരെ പ്രധാനപ്പെട്ട ഒരു സൂറത്താണ്. കാരണം ഈ സൂറ:യിലൂടെ വിശ്വാസി സമൂഹത്തിന്റെ സവിശേഷമായ ശ്രദ്ധ അല്ലാഹു(ത)ക്ഷണിക്കുകയാണ്. ഗീയ്ബത്തിനെതിരിൽ

(അതായത് പരദൂഷണത്തിനെതിരിൽ) നിങ്ങൾക്കറിയാവുന്നതുപോലെ ഗീയ്ബത്ത് എന്നാൽ അതിന്റെ അർത്ഥം വളരെ വലുതാണ്. പിന്നിൽ നിന്നു കുത്തുക, ഒരു വ്യക്തിക്ക് എതിരെ സംസാരിക്കുക, അവന്റെ പിന്നിൽ നിന്നുകൊണ്ട് അവനെപറ്റി മോശം പരാമർശം നടത്തുക. (അതായത് അവന്റെ സാന്നിദ്ധ്യം ഇല്ലാത്തപ്പോൾ) അല്ലാഹു (ത) ഇത്തരം നടപടിയെ അതിശക്തമായ ഭാഷയിൽ അപലപിച്ചിരിക്കുകയാണ്. ഈ കാര്യങ്ങൾ അവർ വേണ്ടതുപോലെ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ, അവർ ഈ പ്രവർത്തികൾക്ക് ഒരിക്കലും ധൈര്യം കാട്ടുകയില്ല. ഈ കാര്യം അല്ലാഹു(ത) വളരെ നല്ല നിലയിൽ വിശദീകരിച്ചിരിക്കുന്നു. ആയതിനാൽ ഇതു സംബന്ധമായി നമുക്കൊരാശയം കിട്ടുന്നതാണ്. എന്തുകൊണ്ടാണ് ആളുകൾ നിന്ദ്യാപരമായ ഈ പ്രവർത്തിയിൽ ആകൃഷ്ടരായി പോകുന്നതെന്ന്!

ഗീയ്ബത്ത് ഒരു തിന്മയാണ്, നിങ്ങളെ അത് അതിലേക്ക് ആകർഷിക്കുന്നു. നിങ്ങൾ സ്വയം ബലഹീനരായി അതിൽ വീണുപോകുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ നിങ്ങൾ അതിൽ ആകൃഷ്ടനായി അതിൽ ലയിച്ചു പോകുന്നു. അൽഹുജ്റാത്ത് എന്ന അധ്യായം നിങ്ങൾ ഗഹനമായി പഠിക്കുകയാണെങ്കിൽ, അതിന്റെ ഉള്ളടക്കത്തിൽ നിങ്ങൾ ഭയന്നു വിറച്ച് പോകും. അതായത് അല്ലാഹു(ത) വിശ്വാസികളെ മുന്നറിയിപ്പ് നല്കിയിരിക്കുന്നതു കാണുമ്പോൾ. താനെ ഭയന്നു വിറച്ചു പോകും. ഈ അധ്യായം ഗഹനമായി ഞാൻ വായിക്കുകയും, അതിയായി ചിന്തിക്കുകയും ചെയ്തപ്പോൾ, ഞാൻ ഓർത്തുപോയി, എങ്ങനെയാണ് അഹ്മദിയ്യാ ജമാഅത്തും അതിന്റെ മുൻ പറയപ്പെട്ട അമീനി ജവാഹീറും അദ്ദേഹത്തിന്റെ മനേജിംഗ് കമ്മിറ്റിയും ആ സമയത്ത് പ്രകടിപ്പിച്ച അസൂയയും, സംശയങ്ങളും, ആശങ്കകളും അത് വളർന്ന് പന്തലിച്ച് എന്നോടുള്ള ശത്രുതയായി പരിണമിക്കുകയും, ഈ ശത്രുത കൂടുതൽ കൂടുതൽ വലുതാവുകയും അതുമറ്റുള്ളവരിലേക്ക് പകരുകയും, (കൊച്ചുകുട്ടികളിൽ പോലും) അങ്ങനെ അവരുടെ ഹൃദയം ഈ തിന്മകളാൽ കറുത്തിരുണ്ട് പോവുകയും, ഈ കറുപ്പ് അവരുടെ മുഖങ്ങളിൽ പ്രതിഫലിക്കുകയും ചെയ്യുകയായിരുന്നു. അവർ വളരെ മോശമായ വാക്കുകൾ ഉപയോഗിച്ചു. നിന്ദാവഹമായ

പ്രവർത്തികളും നടപടികളും എനിക്കെതിരിൽ അവർ സ്വീകരിച്ചു. 2000-ൽ, ഈ പറയപ്പെട്ട അമീറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരേതനായ നാലാം ഖലീഫാ (അഹ്മദിയ്യ ജമാഅത്തിന്റെ) എന്റെ ഭാഗം കേൾക്കാതെ തന്നെ, നടപടികൾ എടുത്തു, അതിന്റെ പാരമ്യത്തിൽ ഞങ്ങളുടെ മേൽശാപവും ചൊരിഞ്ഞു. എന്നിട്ട് നിന്ദാവഹമായ വാക്കുകളും കടുത്തഭാഷയും ഞങ്ങൾക്കെതിരിൽ ചൊരിഞ്ഞു. തീർച്ചയായും അദ്ദേഹം പ്രവർത്തിച്ചത് തഖ്വ ഇല്ലാതെ തന്നെ ആയിരുന്നു.

ഇതെല്ലാം സംഭവിക്കാനുണ്ടായ കാരണം അല്ലാഹു (ത) എനിക്ക് നല്കിയ ചില വെളിപാടുകൾ ഞാൻ എടുത്തു പറഞ്ഞതുമൂലമാണ്. അദ്ദേഹം അയച്ചത് അത്തരം ഒരു ശാപ പ്രാർത്ഥന ആയിരുന്നു. അതായത് അദ്ദേഹം ഞാനുമായി ഒരു മുബാഹല നടത്തുന്ന രീതിയിൽ! പറയപ്പെട്ട മുൻ അമീറിനെ സംബന്ധിച്ചിടത്തോളം, അദ്ദേഹം സ്വയം തന്നെ ഒരു നായകനായിതീർന്നു; എന്നിട്ട് വെള്ളിയാഴ്ച ഖുത്തുബകൾക്ക് മേൽ വെള്ളിയാഴ്ച ഖുത്തുബകൾ നടത്തി, ആസ്വാദനത്തോടെ ഞങ്ങളുടെ മാംസം ഭക്ഷിക്കുവാൻ തുടങ്ങി. (പരദൂഷണം പറയുവാൻ തുടങ്ങി എന്ന് സാരം) പരദൂഷണം, ഏഷണി തുടർന്നു കൊണ്ടിരുന്നു. 2001 ആരംഭത്തിലും തുടർന്നും അതു തുടർന്നുകൊണ്ടിരുന്നു. ഈ പിന്നിൽ നിന്ന് കുത്തൽ വെള്ളിയാഴ്ച ഖുത്തുബകളിൽ മാത്രം ഒതുങ്ങിയിരുന്നില്ല. മറിച്ച്, എല്ലാ ബ്രാഞ്ച് യോഗങ്ങളിലും അതു പടർന്നു. അതുമാത്രമല്ല പ്രസ്തുത പരദൂഷണം വാഗ്ദത്ത മസീഹ് ദിനയോഗങ്ങളിലും, വാഗ്ദത്ത പരിഷ്ക്കർത്താവ് ദിനയോഗങ്ങളിലും, ഖിലാഫത്ത് ദിനയോഗങ്ങളിലും പടർന്നു പന്തലിച്ചു! ഈ പറയപ്പെട്ട എല്ലാ ദിനങ്ങളിലും മുനീർ അസീം ദിനമായി മാറി; കൂടുതൽ സംഭാക്ഷണവും മുനീർ അസീമിനെ കുറിച്ചായി! ഖുദ്ദാം ഇജ്തിമാ, അൻസാർ ഇജ്തിമാ, ജൽസ സാലാന എല്ലായിടത്തും മുനീർ അസീം!

ഏറ്റവും സംക്ഷിപ്തമായ ആശയാവിഷ്ക്കരണത്തിലെങ്കിലും മുനീർ അഹ്മദ് അസീമിനെയും അദ്ദേഹത്തിന്

ലഭിച്ച വെളിപാടുകളെയും പരാമർശിക്കാത്ത ഒരു ചെറിയ പരിപാടിപോലും അഹ്മദിയ്യാ ജമാഅത്തിൽ ഉണ്ടാകാതായി, ഇത് അവരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു വിഷയമായി മാറി. ഉദാഹരണമായി പറഞ്ഞാൽ എങ്ങനെയാണ് മുനീർ അഹ്മദ് അസീം ജമാഅത്തിന്റെ ശത്രുവായത്? തുടങ്ങിയ  കാര്യങ്ങൾ, ഈ പറയപ്പെട്ട അവരുടെ മുൻ അമീർ വളരെ തരംതാണ ഒരു നിലയിൽ, ഈ കാര്യത്തിലെത്തിച്ചേർന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ മുല്ലാക്കളും പ്രചരിപ്പിക്കുവാൻ തുടങ്ങി-ഖിലാഫത്ത് അപകടത്തിൽ-അവർ അഹ്മദികളുടെ ഹൃദയങ്ങളിൽ വളരെയധികം ശത്രുത സൃഷ്ടിച്ചു. (പുരുഷന്മാരിലും, സ്ത്രികളിലും, കുട്ടികളിലും) മതരംഗത്തെ എല്ലാ സീമകളും അവർ അതിലംഘിച്ചു. അവർ (അതായത് അവരുടെ ആളുകളിൽ ശത്രുത നിറച്ചു) അവർ ഒരു മുദ്രാവാക്യവുമായി നിലകൊണ്ട് ഞങ്ങളുടെ ജീവിതം ഖിലാഫത്താകുന്നു. അവർ തിന്ന വിഷം കൊണ്ട് അവർ ഉന്മത്തരായി തീർന്നു. ഖലീഫയ്ക്കെതിരെ തിരിയുന്നവരെ കൊല്ലാൻ പോലും അവർ തയ്യാറായി. ജമാഅത്ത് അംഗങ്ങളിൽ നിന്നും ഈ പറയപ്പെട്ട മുൻഅമീറിന് വളരെയധികം അഭിനന്ദനങ്ങൾ ലഭിക്കുകയുണ്ടായി. ഖിലാഫത്തിനെ രക്ഷിക്കുന്ന കാര്യത്തിൽ വിജയിച്ചതിന് അഭിനന്ദന പ്രവാഹമുണ്ടായി.

ഒരാൾ മറ്റൊരാളോടു ചെയ്ത എല്ലാ ഏഷണികളും, ഒരു ഖലീഫ അദ്ദേഹത്തിന്റെ സ്നേഹിതരെ വിശ്വസിക്കുകയും, എന്റെ മേൽ നടപടി സ്വീകരിക്കുകയും, എനിക്ക് പറയുവാനുള്ളതു കേട്ടതുമില്ല. ആയതിനാൽ നാം ഇപ്പോൾ കണ്ടു കൊണ്ടിരിക്കുന്നത് എന്താണ് അഹ്മദിയ്യാ ജമാഅത്തിന്റെ നാശം, നഷ്ടം വാഗ്ദത്ത മസീഹ് ഹസ്രത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ജമാഅത്തിലെ അല്ലാഹുവിന്റെ പ്രകാശം അപ്രത്യക്ഷമായിരിക്കുന്നു. എനിക്ക് തറപ്പിച്ചു പറയുവാൻ കഴിയും 90% അഹ്മദികളും, ഈ ശത്രുത അവരുടെ ഹൃദയങ്ങളെ കറുപ്പിച്ചിരിക്കുന്നു. നമ്മോടുള്ള അവരുടെ സമീപനം വളരെ മോശമായിരിക്കുന്നു. അതിൽ ഒരല്പം പോലും നന്മ കാണുവാൻ കഴിയുന്നില്ല. തീർച്ചയായും ഈ അന്ധകാരം അവരുടെ ഹൃദയത്തെ നിശ്ചലമാക്കിയിരിക്കു

കയാണ്. അന്ധകാരത്തിൽ അകപ്പെട്ട ഒരു കറുത്ത കല്ലു പോലെ!

അതുകൊണ്ട്, ദേശീയ അന്തർദേശീയ രംഗങ്ങളിൽ നിങ്ങൾ ജമാഅത്തിനെ വീക്ഷിക്കൂ! അവർക്ക് ഇസ്ലാമിന്റെ അധ്യാപനങ്ങളെ ഇനി മുതൽ പിൻതുടരുവാൻ കഴിയില്ല, എന്തിനേറെ, വാഗ്ദത്ത മസീഹ്(അ)ന്റെ അധ്യാപനങ്ങളെയും പിന്തുടരുവാൻ കഴിയുകയില്ല. അവരുടെ ഖലീഫയെ അവർ വിഗ്രഹമാക്കി മാറ്റിയിരിക്കുന്നു. എന്നിട്ട് ദൈവീക അധ്യാപനങ്ങളെ അവർ ചവിട്ടി മെതിക്കുന്നു. ഇനി അവിടെ അവശേഷിക്കുന്നത് ഏഷണിയും ശത്രുതയും മാത്രം!

തഖ്‌വ ഉള്ളവർ (അല്ലാഹുവിൽ ഭയമുള്ളവർ) ഹൃദയത്തിൽ ഭയം ഉണ്ടെങ്കിൽ, അല്ലാഹുവിന്റെ ഏകത്വത്തിൽ ദൃഢമായി വിശ്വസിക്കേണ്ടതാണ്, എന്നിട്ടവർ ഖലീഫ ആരാധനയിൽ നിന്നും അവർ സ്വയം പിന്തിരിയേണ്ടതാണ്, ഏഷണി അവസാനിപ്പിക്കേണ്ടതാണ്. അസൂയ ഇല്ലാതാക്കേണ്ടതാണ്. അങ്ങനെ പലതും! അവർ ഈ ജമാഅത്തിലെ കുടുംബ വാഴ്ചയ്ക്ക് മുൻതൂക്കം കൊടുക്കുന്നവരാണ്, കുടുംബം എന്ന വിചാരം മാത്രമുള്ള ഈ സംഘത്തിലാണവർ എപ്പോഴും. കുടുംബത്തിൽപെട്ടവർ മാത്രം തലപ്പത്തു വരണം എന്ന ചിന്തയുള്ളവരാണ്. അവർ വെച്ചു പുലർത്തുന്നത് അനിസ്ലാമിക നിർദ്ദേശങ്ങൾ മാത്രമാണ്, അതായത് നമ്മുടെമേൽ നിസ്സഹകരണം ഏർപ്പെടുത്തുക. നമ്മുടെ മേൽ ശത്രുത വെച്ചു പുലർത്തുക, തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുക, അതായത് ഏഷണിയും പരദൂഷണവും പരത്തുക. നമ്മെ സംശയ ദൃഷ്ടിയോടെ വീക്ഷിക്കുക. ഒരു മുതഖി നോക്കി കാണേണ്ടത് എന്താണ്? ഇതൊന്നും അല്ലാഹു(ത)യുടെ അധ്യാപനങ്ങളല്ല, അത്തരം ആളുകളിൽ നിന്നും മുതഖികൾ വേർപെടേണ്ടതാണ്. അങ്ങനെ ആയാൽ അവർ പാപത്തിൽ അകപ്പെടാതിരിക്കും.

നിങ്ങൾ സൂറഃഹുജ്റാത്ത് വായിക്കുമ്പോൾ, അവിടെ അല്ലാഹു(ത) പറയുന്നു. അല്ലയോ വിശ്വസിച്ചവരെ (ഈമാൻ കൊണ്ടവർ ആരാണ്? അല്ലാഹുവിലുള്ള ഈമാൻ, അല്ലാഹുവിന്റെ കല്പനകളിലുള്ള ഈമാൻ കൊണ്ടവർ

ആരാണ്? അല്ലാഹു(ത) നിങ്ങളോട് പറയുന്നു. സംശയങ്ങൾ ദുരീകരിക്കുക, ഇത്തരം സംശയങ്ങൾ, ഊഹങ്ങൾ, അതില ധികവും, അത് നിങ്ങളെ പാപങ്ങളിലേക്ക് കൊണ്ടു പോകു ന്നതാണ്, അത് വളരെ മോശം വഴിയാണ്, മോശം പെരുമാ റ്റമാണ്, അത് നിങ്ങളിൽ നിന്നും പോകേണ്ടതു തന്നെയാ ണ്. ചുരുക്കത്തിൽ ഊഹങ്ങളിൽ അധികവും നിങ്ങളെ പാപ ങ്ങളിലേക്ക് നയിക്കുന്നു.

ആളുകളെ സംശയിക്കുന്ന മോശം സ്വഭാവമുള്ള ആളു കൾ നമ്മുടെ കൂടെ ഉണ്ട്. ഇത് വളരെ അപകടകരമായ ഒരു കാര്യമാണ്. മറ്റുള്ളവരുടെ കാര്യങ്ങൾ അറിയുന്നതി നായി, അത് തികച്ചും മറ്റുള്ളവരുടെ സ്വകാര്യ കാര്യങ്ങളു മാകുന്നു, അവർ അനേകം ചോദ്യങ്ങൾ മുന്നോട്ടു വെയ്ക്കു ന്നു. എല്ലാ കാര്യങ്ങളും അവർക്കറിയണം, വിശദമായി അവർക്ക് അതറിയണം. അവർ ചെയ്യുന്ന ഈ കാര്യങ്ങൾ വളരെ ഗൗരവാവഹമായ കാര്യങ്ങളാണ്. എന്നാൽ അവ രുടെ സ്വകാര്യ കാര്യങ്ങൾ ആരോടും വെളിപ്പെടുത്തത്തു മില്ല. ഇവരുടെ കാര്യങ്ങൾ അവർക്ക് അറിയുകയും വേണം!

അങ്ങനെ, അവർ മറ്റുള്ളവർക്കുവേണ്ടി ചാരവൃത്തി നടത്തുന്നു. ചാരവൃത്തയിലൂടെ തങ്ങൾക്ക് കിട്ടിയ വാർത്ത കൾ തങ്ങളുടെ ഇഷ്ടഭാജനങ്ങൾക്ക് കൈമാറുന്നു. അങ്ങനെ അവർ ആ കാര്യത്തെ കൂടുതൽ വഷളാക്കുന്നു. ഈ രീതിയിൽ ഈ മുന്തിരിവൈൻ നിറയ്ക്കുന്നതിന് അവർ സജീവമായി ശ്രമിക്കുന്നു. അതിൽ പങ്കു കൊള്ളുന്നു. ജന ങ്ങളെ അവർ ശത്രുതയിലേക്ക് ഇളക്കിവിടുന്നു. അടിപിടി വഴ ക്കുകളിലേക്കും, തർക്കങ്ങളിലേക്കും കൊണ്ടെത്തിക്കുന്നു. ഇത് വളരെ ഗൗരവമുള്ള ഒരു കാര്യം തന്നെയാണ്. പാപ വുമാണ്. സംശയത്തിന്, ചാരവൃത്തിയുമായി വളരെ വലിയ ബന്ധമുണ്ട്. അങ്ങനെ ഇത്തരം ആളുകളും, ഈ സംശയ രോഗമുള്ള ആളുകളും, ഈ ചാരന്മാരും വളരെ വലിയ അപകടകാരികൾ തന്നെയാണ്.

മറ്റൊരു രംഗം നോക്കാം. ഒരു (നല്ല) വ്യക്തി, അവൻ സ്നാനം ചെയ്യുന്നു. നല്ല വസ്ത്രങ്ങൾ ധരിക്കുന്നു. എല്ലാ മോശമായ കാര്യങ്ങളിൽ നിന്നും, പൊടിപടലങ്ങളിൽ നിന്നും

തെറ്റായ മോശമായ കൊടുക്കൽ വാങ്ങലുകളിൽ നിന്നും, പുറന്തോടിൽ പോലും മണ്ണുപുരാളാതെ എല്ലാറ്റിൽ നിന്നും അവൻ ദൂരെ കഴിയുന്നു. ശുദ്ധമായിരിക്കേണ്ടതിന്റെ വില അവൻ മനസ്സിലാക്കിയിട്ടുണ്ട്, അതുകൊണ്ട് അവൻ സ്വയം ശുദ്ധീകരിച്ചു നിലകൊള്ളുന്നു. അതുകൊണ്ട് അതുപോലെ നിങ്ങൾ നിങ്ങളുടെ വിശ്വാസത്തെ ശുദ്ധമാക്കി വെയ്ക്കുക. അതുകൊണ്ട് നിങ്ങൾ ചാരപ്രവർത്തിയിൽ നിന്നും, സംശയത്തിൽ നിന്നും, പരദൂഷണത്തിൽ നിന്നും അകന്നു കഴിയുക, നിങ്ങളുടെ മുൻപാകെ പാരായണം ചെയ്ത സൂറഃഹുജ്റാത്തിലെ പ്രസ്തുത വചനം പ്രത്യേകം നമ്മെ ഓർമ്മപ്പെടുത്തുന്നത് നിങ്ങൾ പരദൂഷണം നടത്തരുത് എന്നാണ്. നിങ്ങൾ ഒരാൾക്കും വിഷമം ഉണ്ടാകുന്നത് പറയരുത്, അതായത് നിങ്ങൾ ഒരാളിന്റെ അസാന്നിധ്യത്തിൽ അയാളെ പറ്റി മോശമായി യാതൊന്നും പറയരുത്. ഇപ്രകാരം പറയുന്ന ആളുകൾ, സംശയാലുക്കളാണ്, അവർ പെട്ടെന്ന് ഒരു തീരുമാനത്തിലെത്തിച്ചേരുന്നു. ആ കാര്യങ്ങളൊക്കെ സംഭവിച്ചിട്ടുണ്ടാകും എന്ന തീരുമാനത്തിലെത്തിചേരുന്നു. ചാരവൃത്തി നടത്തുന്നവരാകട്ടെ, അവർ വളരെ ആഴത്തിൽ പാപങ്ങൾ കുഴിച്ചിടുന്നു. അവർ ആകെ മൊത്തം സംശയിത്തിലാണ്ടു കിടക്കുകയാണ്. ഇത് വളരെ ഗുരുതരമായ കാര്യമാണ്. അതുകൊണ്ടാണ് അല്ലാഹു(ത) സൂറഃഹുജ്റാത്തിലൂടെ നമുക്ക് മുന്നറിയിപ്പ് നല്കുന്നത്, ഇത്തരം രോഗങ്ങൾക്കുള്ള പേര് തജസ്സുസ് എന്നാകുന്നു.

തജസ്സുസ് എന്നതിന്റെ അർത്ഥം മറ്റുള്ളവരിലുള്ള തെറ്റുകൾ അന്വേഷിക്കുന്ന വ്യക്തി എന്നാകുന്നു. തന്റെ സഹസഹോദരന്റെ ന്യൂനതകൾ അന്വേഷിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന ആളാകുന്നു അവൻ. മറ്റുള്ളവരുടെ തെറ്റുകൾ തേടുന്ന പ്രസ്തുത വ്യക്തിയുടെ മനസ്സിൽ കൃത്യമായ ലക്ഷ്യമുണ്ടായിരിക്കുന്നതാണ്. ഇത്തരം ആളുകളിൽ വളരെ വലിയ ശത്രുത ആഴത്തിൽ കുടികൊള്ളുന്നുണ്ടാകും, എന്നാൽ അവർ തങ്ങളുടെ സഹോദരനോട് അഥവാ സഹോദരിയോട് അത് പുറമെകാണിക്കാതെ, മറച്ചുവെച്ചിരിക്കും. എന്നിട്ട് അതിന്റെ പാരമ്യത്തിൽ, അവർ രഹസ്യമായി അവരുടെ തെറ്റുകൾ അന്വേഷിക്കുകയും, എന്നിട്ട് അവർക്ക് കിട്ടിയ

വിവരം വെച്ച് അവന്റെ അഥവാ അവളുടെ പിന്നിൽ നിന്ന് കുത്തുകയും ചെയ്യുന്നതാണ്. ഈ സാഹചര്യം ധർമ്മ ഭ്രംശം വരുത്തുന്നു. അതിന്റെ അന്ത്യം വളരെ ശോചനീയ മായിരിക്കും. പൊതുവായി പറഞ്ഞാൽ, ഒരമ്മ തങ്ങളുടെ മക്കളുടെ പിന്നിൽ നിന്ന് കുത്തുകയില്ല. അതുപോലെ മക്കൾ മാതാപിതാക്കളുടെ പിന്നിൽ നിന്നുകുത്തുകയില്ല. (എന്നാൽ ഇതിന് ചില ഒഴിവ് കഴിവുകൾ ഉണ്ടാകാം) എന്നാൽ മക്കൾ മാതാപിതാക്കൾക്കെതിരിൽ ദൂഷണം പറ ഞ്ഞാൽ അതുപോലെ തിരിച്ചും ദൂഷണം പറഞ്ഞാൽ, അത്തരം സാഹചര്യം ഉണ്ടാവുകയാണെങ്കിൽ, അതു കൊണ്ട്ർത്ഥമാക്കുന്നത്, ബന്ധങ്ങളിലുള്ള ഈ സമാധാന ലംഘനങ്ങൾ, ഭ്രാന്തിന് സമാനാർത്ഥകമായ നിലയിലായി രിക്കും. ഒരാളെ പിന്നിൽ നിന്നു കുത്തുക എന്നതു കൊണ്ടർത്ഥമാക്കുന്നത്, നിങ്ങൾ പ്രസ്തുത വ്യക്തിയെ ഇഷ്ടപ്പെടുന്നില്ല. (ആരെയാണോ നിങ്ങൾ ദൂഷിക്കുന്നത്, പ്രസ്തുത ആളിനെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല എന്ന് സാരം) അഥവാ നിങ്ങൾക്ക് അയാളോട് അസൂയയുണ്ട്. ഇത്തര ത്തിലുള്ള അനിഷ്ടങ്ങളും അസൂയകളും ആകുന്നു. നിങ്ങൾ അവന്റെ ദൂഷണത്തിന് മുതിരുന്നതിനു കാരണമായി തീരുന്നത്. നിങ്ങൾ ഇതിനായി ആദ്യമായി അവന്റെ രഹ സ്യവിവരങ്ങൾ ചോർത്താൻ തുനിയുന്നു. സംശയ ദൃഷ്ടി യോടെ അവനെ നോക്കി കാണുന്നു. നിങ്ങളുടെ ഈ രഹ സ്യാന്വേഷണം, അയാളുടെ സ്ഥിതിയുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കില്ല. നിങ്ങളുടെ (സംശയങ്ങളും, രഹസ്യാന്വേഷണവും നിങ്ങളെ അയാളെപ്പറ്റിയുള്ള ചില തെറ്റായ നിഗമനങ്ങളിൽ കൊണ്ടെത്തിക്കുന്നു.

ഇതേപറ്റി നിങ്ങൾ ഒന്നു ചിന്തിച്ചു നോക്കൂ! ഇത്തരം ആളുകൾ രഹസ്യമായി നീക്കം നടത്തുകയും, സംശയ ത്തിന്റെ നിഴലിലാവുകയും, എന്നിട്ട് തീരുമാനങ്ങളിലെത്തു കയും, ഇത്തരം ആളുകൾ യഥാർത്ഥമായ നിലയിൽ എന്തെ ങ്കിലും കണ്ടാലും, അവർ വ്യാപിപ്പിക്കുന്നത് കള്ളങ്ങൾ മാത്ര മായിരിക്കും. അതായത് അവർ പറയുന്നത് അവർ വിവരി ക്കുന്നത് അവർ കാണാത്ത കാര്യങ്ങളായിരിക്കും. അവ

രുടെ സംശയങ്ങളും ചാരവൃത്തിയും പ്രാഥമികമായി തന്നെ ദുരുദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. എന്നിട്ട് അവർ എത്തിച്ചേരുന്ന നിഗമനങ്ങളും വളരെ മോശതരമായിരിക്കും, കാരണം അതിനെകുറിച്ച് അവർക്ക് യാതൊരു വിധ ഉറപ്പു മില്ല. നിങ്ങൾ കള്ളം പ്രചരിപ്പിക്കുവാൻ ശ്രമം തുടരുന്നു. (തെറ്റായ വാർത്ത) ഇത്തരം സാഹചര്യങ്ങളിൽ /പാപങ്ങളിൽ നിങ്ങൾ സന്തോഷം കാണുന്നു.

മൊത്തത്തിൽ പറഞ്ഞാൽ, ഒരു പുതിയ മനഃശാസ്ത്ര ലോകത്തിൽ, ഈ പരദൂഷകൻ, അവൻ സ്വയം, മുഴുകി കഴിയുകയാണ്. വിശുദ്ധഖുർ ആൻ ഇതു സംബന്ധമായി പറയുന്നത് കുറെശ്ശെ കുറെശ്ശെയാണ് ഇത് (ഈ സ്വഭാവം) മനുഷ്യ പ്രകൃതിയിൽ കടന്നു കൂടുന്നത്. എന്നാൽ മറ്റുള്ളവരെ ദൂഷണം പറയുന്നതിനുള്ള ഏകകാരണം ഇതു മാത്രമല്ല എന്നും തിരിച്ചറിയേണ്ടതാണ്. ഇതോടൊപ്പം മറ്റൊരു രീതിയിലുള്ള പരദൂഷണമില്ല എന്ന് ഇതിനർത്ഥമില്ല. അല്ല സംശയമില്ലാതെ തന്നെ, മറ്റു രീതിയിലുള്ള ഗീയ്ബത്തും ഉണ്ട്, എന്നറിയുക. ഉദാഹരണമായി പറഞ്ഞാൽ, നിങ്ങൾക്ക് ഒരാളുടെ തെറ്റുകുറ്റങ്ങൾ നേരത്തേ തന്നെ അറിയാമെങ്കിൽ, അതായത് അയാളുടെ ന്യൂനതകൾ കണ്ടെത്തുന്നതിനായി, നിങ്ങൾ യാതൊരു രീതിയിലുള്ള ചാരവൃത്തിയും നടത്താതെ തന്നെ! ഇത്തരം സാഹചര്യങ്ങളിൽ പ്രസ്തുത വ്യക്തിയെയും അയാളുടെ തെറ്റുകളെയും വെറുപ്പോടു കൂടി കാണുകയാണെങ്കിൽ, അദ്ദേഹത്തിലെ ന്യൂനതകൾ ഇല്ലാതാക്കുവാനുള്ള സഹായങ്ങൾ നല്കാതെയിരിക്കുകയും, മറ്റാളുകൾ ഇദ്ദേഹവുമായി ബന്ധപ്പെടാതിരിക്കുവാൻ, നിങ്ങൾ പ്രചാരണം നല്കിക്കൊണ്ടിരിക്കുകയും ചെയ്താൽ, നിങ്ങൾ ചെയ്യുന്നത് പിന്നിൽ നിന്നു കുത്തലാണ് ചെയ്യുന്നത്. അതായത് ഗീയ്ബത്താണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ വാക്കുകളിലൂടെ പ്രസ്തുത വ്യക്തിയെക്കുറിച്ചുള്ള ന്യൂനതകൾ വെളിപ്പെടുത്തിക്കൊണ്ട്, നിങ്ങൾ അദ്ദേഹത്തിനെതിരിൽ ശത്രുത സൃഷ്ടിക്കുവാനുള്ള ശ്രമമാണ് നടത്തുന്നത്, അത് നിങ്ങളിലൂടെ മറ്റുള്ളവരിൽ, പ്രസ്തുത ശത്രുത, അദ്ദേഹത്തിനെതിരിൽ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത ആളു

കൾ ഈ കാര്യത്തിൽ നിങ്ങൾക്ക് കയ്യടി നല്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങൾ ചെയ്യുന്നതിനെ അവർ അംഗീകരിക്കുമെന്നും നിങ്ങൾ കരുതുന്നു. ഇത്തരത്തിലുള്ള (ദുഷ്ട) ഉദ്ദേശങ്ങളോടെയുള്ള ആളുകൾ, സത്യത്തിന്റെ അടിസ്ഥാനത്തിലുള്ള കാര്യങ്ങളിലൂടെ, ഗീയ്ബത്ത് നടത്തുന്നവരായി മാറുന്നു. ആയതിനാൽ, നിങ്ങളുടെ ഉദ്ദേശം/ നിയ്യത്ത് മോശമാണെങ്കിൽ, അത് ദോഷം തന്നെയാണ്, അത്തരം സംസാരങ്ങൾ അപ്പോൾ ഗീയ്ബത്തായി പരിണമിക്കുന്നു. പറയുന്ന വാർത്ത ശരിയാണെങ്കിൽ പോലും! മറിച്ചാണെങ്കിൽ, അതായത് ഉദ്ദേശം/നിയ്യത്ത് നല്ലതാണെങ്കിൽ) അതൊരു പാപമല്ല.

ഒരിക്കൽ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഒരാളെ പറ്റി എന്തോ ചില കാര്യം തന്റെ സ്വാത്വികയായ ഒരു ഭാര്യയുടെ അടുത്തുവെച്ച് പറയുകയുണ്ടായി. റസൂൽ(സ) അതുപറഞ്ഞപ്പോൾ, റസൂൽ(സ) എന്താണ് അങ്ങനെ പറഞ്ഞതെന്ന് ചോദ്യം ചെയ്യുകയുണ്ടായി. പ്രസ്തുത വ്യക്തി സ്ഥലത്തില്ലാത്തപ്പോൾ പറഞ്ഞകാര്യം ഗീയ്ബത്തായി പോയില്ലേ എന്ന് അവർ അത്ഭുതപ്പെടുകയുണ്ടായി. നാം ഒരു കാര്യം മനസ്സിലാക്കണം. (അല്ലാഹുവിന്റെ ദൃഷ്ടിയിൽ) ഉന്നതസ്ഥാനമുള്ള ആചാര്യന്മാർ, അവർ ഒരു കാര്യം ഒരാളിനെപറ്റി മറ്റൊരാളിന്റെ സാന്നിധ്യത്തിൽ പറയുമ്പോൾ, അവർക്കറിയാം അതെങ്ങനെ പറയണമെന്ന്! മറ്റാളുടെ ദൃഷ്ടിയിൽ പ്രസ്തുത വ്യക്തിയെകുറിച്ച് ശത്രുതയോ വെറുപ്പോ ഉണ്ടാകാതെ പറയുവാൻ അവർക്കറിയാം. അത്തരം ഒരു രീതിയിലാണ് അവർ അക്കാര്യം നിർവ്വഹിക്കുന്നത്-അത് സത്യത്തെ അടിസ്ഥാനപ്പെടുത്തി ആയിരിക്കും- ഇത് അവർ പറയുന്നത് മറ്റുള്ളവർക്ക് വിദ്യഭ്യാസം/അറിവ് നല്കുന്നതിനുള്ള ഒരു മാധ്യമം എന്ന നിലയിലായിരിക്കും. നല്ല ഉപദേശം നല്കുന്നതിനു വേണ്ടി ആയിരിക്കും, ഇത് മറ്റുള്ളവർക്ക് ഒരു മാതൃക ആകുന്നതിനുവേണ്ടിയും ആയിരിക്കും. (ശത്രുത, സംശയം, തർക്കം അഥവാ അസമാധാനം ഇവ സൃഷ്ടിക്കലല്ല, പ്രസ്തുത വ്യക്തിയിലൂടെ മറ്റുള്ളവരിലേക്ക്) ഇതു പറയുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്നത്.

മറിച്ച്, ഇത്തരം ഉദാഹരണങ്ങളിലൂടെ, ഉപദേശങ്ങളിലൂടെ (സ്വാത്വികരായ ആളുകൾ/ പ്രവാചകന്മാർ) സമാധാനവും, ശാന്തിയും, സ്നേഹവും മറ്റുള്ളവരിൽ സൃഷ്ടിക്കുകയും പ്രസ്തുത സാഹചര്യത്തെ അതിന് പ്രാപ്തമാക്കിത്തീർക്കുകയും ചെയ്യുന്നതാണ്. ഞാൻ ഒരു കാര്യം തറപ്പിച്ചു പറയുവാൻ ആഗ്രഹിക്കുകയാണ്, അതായത് നബികരീം ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഒരിക്കലും ഗീയ്ബത്ത് അഥവാ പരദൂഷണം നടത്തിയിട്ടില്ല. അദ്ദേഹത്തിന്റെ സംഭാഷണത്തിനു പിന്നിൽ ഒരിക്കലും മോശമായ ഉദ്ദേശമുണ്ടായിട്ടില്ല. അദ്ദേഹം പറഞ്ഞതൊന്നും അല്ലാഹുവിന്റെ വീക്ഷണത്തിൽ പരദൂഷണത്തിൽ പെടുന്നതുമല്ല.

ഞാൻ ഇന്ന് ഇത് ഇവിടെ അവസാനിപ്പിക്കുന്നു. ഇൻശാല്ലാഹ് ഇതേ വിഷയം അടുത്ത ആഴ്ചയിലും തുടരുന്നതാണ്. ഇത് തീർച്ചയായും വളരെ വിശാലമായതും വളരെ പ്രാധാന്യം അർഹിക്കുന്നതുമായ ഒരു വിഷയം തന്നെയാണ്. ഇത്, ജമാത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാം അംഗങ്ങളും അവശ്യം മനസ്സിലാക്കേണ്ട വിദ്യാഭ്യാസ പദ്ധതിയാണ്, മാത്രമല്ല ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ മുഴുവൻ ഉമ്മത്തും അറിഞ്ഞിരിക്കേണ്ട കാര്യവുമാണ്.

ഈ പറയപ്പെട്ട ദോഷങ്ങളിൽ നിന്നും അല്ലാഹു(ത) നമ്മെ സംരക്ഷിക്കട്ടെ! ആമീൻ. നിങ്ങളെ അല്ലാഹു സുരക്ഷിതമായി ശരിയായ പാതയിൽ, സാത്വികരായ നിലയിൽ, തഖ്‌വയോടു കൂടി നയിക്കട്ടെ! ഗീയ്ബത്തിൽ നിന്നും തജസ്സുസിൽ നിന്നും അല്ലാഹു(ത) നമ്മെ വിദൂരത്താക്കട്ടെ! വിശുദ്ധഖുർആനിൽ മൊത്തത്തിൽ പറഞ്ഞതും, സൂറഃഹുജ്റാത്തിൽ പ്രത്യേകം പറഞ്ഞതുമായ എല്ലാ തിന്മകളിൽ നിന്നും അല്ലാഹു(ത) നമ്മെ വിദൂരത്താക്കട്ടെ! ഇൻശാ അല്ലാഹ്, ആമീൻ.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*